(ബി) ഉണ്ട്.

(സി) ഒന്നും രണ്ടും വട്ടം ലേലത്തിനുശേഷവും ലേലത്തിൽ പോകാനുള്ള റേഞ്ചുകളുടേയും ഷാപ്പുകളുടേയും വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

അബ്കാരി ലേലത്തിൽ നിന്നുള്ള വരവ്

544 [747] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷത്തിൽ അബ്കാരി ലേലത്തിൽ ഓരോ ഇനത്തിലും കിട്ടിയ ലേലസംഖ്യയുടെ വിശദ വിവരങ്ങൾ പറയാമോ ;

(ബി) വിദേശമദ്യങ്ങളുടെ ലേലത്തുകയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) ബഹിഷ്ക്കരണം മൂലം ഏതെല്ലാം ലേലങ്ങൾ നടക്കാതിരുന്നിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ വർഷത്തേക്കാൾ മൊത്തം എത്ര സംഖ്യ എല്ലായിനത്തിലുമായി ഖജനാവിൽ കൂടുതൽ കിട്ടി?

ഉത്തരം

		രൂപ
(എ)	കള്ള്	7,63,63,610
	ചാരായം	61,76,37,,803
	വിദേശമദ്യം (ചില്ലറ)	3,71,77,244
	വിദേശമദ്യം (മൊത്തം)	5,22,58,511
	ആകെ	78,34,37,168

(ബി) 1986-87 വർഷത്തേക്ക് വിദേശമദ്യ ചില്ലറഷാപ്പുകളുടെ ലേലത്തുക 3,71,77,244 രൂപയും വിദേശമദ്യമൊത്ത ഷാപ്പുകളുടെ തുക 5,22,58,511 രൂപയും ആണ്.

(സി) കോൺട്രാക്ടർമാരുടെ ബഹിഷ്ക്കരണം മൂലം രണ്ടാം വട്ടം ലേലം ഒരു ജില്ലയിലും നടക്കാതിരുന്നിട്ടില്ല. എന്നാൽ ചില മദ്യഷാപ്പുകളുടെ ലേലം ആരും പങ്കെടുക്കാത്തതു കാരണം നടന്നിട്ടില്ല.

(ഡി) കഴിഞ്ഞ വർഷത്തേക്കാൾ മൊത്തം ഉദ്ദേശം ഏഴു കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ഇപ്പോൾ കണക്കാക്കപ്പെട്ടുന്നു.

ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ മേൽനോട്ടത്തിൽ അന്വേഷണം

545 [748] ശ്രീ. എ. വി. താമരാക്ഷൻ :

,, പി. വിജയദാസ് :

(ടി) ,, ടി. പി. പീതാംബരൻ മാസ്റ്റർ :

,, എ. കെ. ശശീന്ദ്രൻ :

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി :

,, കെ. കെ. ബാലകൃഷ്ണൻ :

,, എ. സി. ഷൺമുഖദാസ് :

,, കെ. ശങ്കരനാരായണപിള്ള :

ശ്രീമതി റേച്ചൽ സണ്ണിപനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 25-നു ശേഷം പബ്ലിക് ഹെൽത്ത് ഇൻജിനീയറിംഗ് വകുപ്പും കേരള ജല-മലിനജല അതോറിറ്റിയും പൈപ്പ് വാങ്ങിയതിൽ ഉണ്ടെന്നു പറയുന്ന ക്രമക്കേടുകളെപ്പറ്റി ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ മേൽനോട്ടത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഈ അന്വേഷണം നടത്തുന്നതിന് ഉത്തരവിടുന്നത് ഏതു വകുപ്പാണ് ;

(സി) എന്നാണ് ഉത്തരവിട്ടത് ;

(ഡി) ഈ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) പൈപ്പ് വാങ്ങിയതിലെന്തെങ്കിലും ക്രമക്കേട് ഉണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ ;

(എഫ്) ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളെന്തെല്ലാം ;

(എച്ച്) ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് ബി. റ്റി. ഇ. പരിശോധന നടത്തുന്നത് ?

ഉത്തരം

(എ) അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) ധനകാര്യ വകുപ്പ്.

(സി) 1985 ഒക്ടോബർ 30-ാം തീയതി

(ഡി) പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പ്രഥമദൃഷ്ട്യാ ക്രമക്കേടുകൾ ഉണ്ടെന്നു പറഞ്ഞിട്ടുണ്ട്.

(എഫ്) ഇതിൻമേൽ വിശദമായ അന്വേഷണം നടന്നുവരുന്നു.

(ജി) അന്വേഷണം തുടരുന്നതേയുള്ളു.

(എച്ച്) എല്ലാ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെയും അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗവൺമെന്റ് അധീനതയിലുള്ള കോർപ്പറേഷനുകളുടെയും അതോറിറ്റികളുടെയും ബോർഡുകളുടെയും മറ്റും ആവശ്യമായി വരുന്ന കാര്യങ്ങളെ സംബന്ധിച്ച് ബി. റ്റി. ഇ. പരിശോധന നടത്തുന്നുണ്ട്.

സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ള കാരണങ്ങൾ

546 [750] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഇന്നത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly